**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 20** **12-01-2021 - ൽ മറുപടിയ്ക്ക്**

**സ്പ്രിംഗ്ളർ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വിവര ശേഖരണത്തിനും വിശകലത്തിനും അമേരിക്കൻ കമ്പനിയായ സ്പ്രിംഗ്ളറുമായി സർക്കാർ കരാർ ഉണ്ടാക്കിയിരുന്നോ; | (എ) | സൗജന്യമായി വാദ്ഗാനം ചെയ്ത പ്രസ്തുത സേവനത്തിന്റെ ലഭ്യതയ്ക്കാവശ്യമായ പർച്ചേസ് ഓർഡർ കമ്പനിയുമായി ഐ.ടി വകുപ്പ് ഒപ്പ വച്ചിരുന്നു. |
| (ബി) | പ്രസ്തുത കരാർ ഉണ്ടാക്കുന്നതിന് മുമ്പ് മന്ത്രിസഭയുടെ അംഗീകാരം തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ; | (ബി) | ഇല്ല. കോവിഡ് രോഗവ്യാപന നിയന്ത്രണത്തിൽ സമയബന്ധിതമായ ഇടപെടൽ പ്രധാനമാണ്. സംരക്ഷണ നടപടികൾ സ്വീകരിക്കുന്നതിൽ താമസമുണ്ടാകുന്നത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. കൂടാതെ കോവിഡ് രോഗവ്യാപനം രൂക്ഷമാകുമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഉൾപ്പെടെ പല സ്ഥാപനങ്ങളുടെയും മുന്നറിയിപ്പിനെ തുടർന്ന് കോവിഡിനെ നേരിടാനാവശ്യമായ വിവരശേഖരണത്തിനും വിവര വിശകലനത്തിനും നടപടികളുടെ നിർവ്വഹണത്തിനും ലഭ്യമാക്കാനാകുന്ന ഏറ്റവും മികച്ച സാങ്കേതികവിദ്യാ സംവിധാനങ്ങൾ ഉപയോഗിക്കേണ്ടത് അന്നത്തെ സാഹചര്യത്തിൽ അനിവാര്യ മായിരുന്നു. അസാധാരണവും അനിയന്ത്രിതവുമായ ഈ സ്ഥിതിവിശേഷത്തിലാണ് ഐ.ടി വകുപ്പ് സ്പ്രിംഗ്ളർ എന്ന കമ്പനിയുമായി പർച്ചേസ് ഓർഡർ ഒപ്പ വച്ചത്. |
| (സി) | കരാർ ഉണ്ടാക്കിയതിനു ശേഷം വിവരസുരക്ഷയുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് ഉറപ്പാക്കിയിരുന്നത് എന്ന് അറിയിക്കുമോ; | (സി) | സ്പ്രിംഗ്ളർ എന്ന കമ്പനിയുമായി പർച്ചേസ് ഓർഡർ ഉണ്ടാക്കിയതിനുശേഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വകുപ്പുകൾ, വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുമ്പോഴും ഉപയോഗിക്കുമ്പോഴും പാലിക്കേണ്ട മാനദണ്ഡങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ശേഖരിച്ച ആവശ്യത്തിനു |

| | | | |
|---|---|---|---|
| | | | മാത്രമേ ഉപയോഗിക്കാവൂ എന്നും ആ വിവരങ്ങൾ അനോണിമൈസ് ചെയ്തിട്ടേ മൂന്നാമതൊരു ഏജൻസിയ്ക്ക് പ്രോസസ്സ് ചെയ്യാൻ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുറത്തുനിന്നുള്ള ഒരു ഏജൻസിയ്ക്ക് നൽകുന്നത് വിവരം ശേഖരിക്കപ്പെടുന്നയാളുടെ പൂർണ്ണ സമ്മതത്തോടെ ആകണ മെന്നും, നിർദിഷ്ട ഫോമുകളിൽ സമ്മതപത്രം വാങ്ങണമെന്നും നിർദേശിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത കമ്പനിയോടും വിശകലനത്തിനായി ശേഖരിക്കുന്ന ഡാറ്റാകളുടെ രഹസ്യ സ്വഭാവം സൂക്ഷിക്കണമെന്നും ഡാറ്റായുടെ സുരക്ഷിതത്വം ഉറപ്പ വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ആമസോൺ വെബ് ക്ലൗഡിൽ ശേഖരിക്കപ്പെടുന്ന ഡാറ്റായുടെ സുരക്ഷാ ഓഡിറ്റ് ചെയ്യാൻ ഒരു ഓഡിറ്റിംഗ് ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. നിലവിൽ ഡാറ്റാകൾ സംസ്ഥാന സർക്കാരിന്റെ സ്റ്റേറ്റ് ഡാറ്റാ സെന്ററിലേക്ക് മാറ്റിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കരാറിനെ കുറിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. എം. മാധവൻ നമ്പ്യാർ അദ്ധ്യക്ഷനായ മൂന്നംഗസമിതിയെ സർക്കാർ നിയോഗിച്ചിരുന്നോ; | (ഡി) | സംസ്ഥാനത്ത് കോവിഡ്-19 വ്യാപന നിയന്ത്രണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സ്പ്രിംഗ്ളർ കമ്പനിയെ ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് പൊതു സമൂഹത്തിൽ ഉയർന്ന് വന്നിട്ടുള്ള വിഷയങ്ങൾ പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പി ക്കുന്നതിനായി ശ്രീ.എം.മാധവൻ നമ്പ്യാർ ചെയർമാനായ രണ്ടംഗ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിരുന്നു. കോവിഡ്-19 മഹാമാരിയുടെ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ചൂണ്ടിക്കാട്ടിയപോലെ അന്ന് നിലനിന്നിരുന്ന അസാധാരണ സ്ഥിതി വിശേഷം പരിഗണിച്ച് ഇത്തരത്തിൽ നടപടിക്രമങ്ങളിൽ ഉണ്ടായിട്ടുള്ള പോരായ്മ ന്യായീകരിക്കാവുന്നതാണോയെന്നും വ്യക്തികളുടെ സ്വകാര്യത സംരക്ഷണം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്നും ഭാവിയിൽ ഇങ്ങനെയൊരു സ്ഥിതി വിശേഷം ഉടലെടുത്താൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നുമുള്ള കാര്യങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിൽ അടങ്ങിയിരുന്നില്ല. ഇക്കാര്യങ്ങൾ കൂടി പരിഗണിച്ച് കൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജിയും മുൻ നിയമവകുപ്പ് സെക്രട്ടറിയും മുൻ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണറുമായ ശ്രീ.കെ.ശശിധരൻ നായർ ചെയർമാനായി ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ/കണ്ടെത്തലുകൾ എന്തൊക്കെയാണ്; | (ഇ) | സംസ്ഥാനത്ത് കോവിഡ്-19 വ്യാപന നിയന്ത്രണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സ്പ്രിംഗ്ളർ കമ്പനിയെ ഏർപ്പടുത്തിയതുമായി ബന്ധപ്പെട്ട് പൊതു സമൂഹത്തിൽ ഉയർന്ന് വന്നിട്ടുള്ള വിഷയങ്ങൾ പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ.എം.മാധവൻ നമ്പ്യാർ ചെയർമാനായ രണ്ടംഗ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിരുന്നു. കോവിഡ്-19 മഹാമാരിയുടെ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ചൂണ്ടിക്കാട്ടിയപോലെ അന്ന് നിലനിന്നിരുന്ന അസാധാരണ സ്ഥിതി വിശേഷം പരിഗണിച്ച് ഇത്തരത്തിൽ നടപടി ക്രമങ്ങളിൽ ഉണ്ടായിട്ടുള്ള പോരായ്മ ന്യായീകരിക്കാവുന്നതാണോയെന്നും വ്യക്തികളുടെ സ്വകാര്യത സംരക്ഷണം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്നും ഭാവിയിൽ ഇങ്ങനെയൊരു സ്ഥിതി വിശേഷം ഉടലെടുത്താൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നുമുള്ള കാര്യങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിൽ അടങ്ങിയിരുന്നില്ല. ഇക്കാര്യങ്ങൾ കൂടി പരിഗണിച്ച് കൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജിയും മുൻ നിയമവകുപ്പ് സെക്രട്ടറിയും മുൻ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണറുമായ ശ്രീ.കെ.ശശിധരൻ നായർ ചെയർമാനായി ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |
| (എഫ്) | ഈ കരാറിനെക്കുറിച്ച് പരിശോധിക്കുവാൻ സർക്കാർ പുതിയ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള ആവശ്യകതയും സാഹചര്യവും വ്യക്തമാക്കാമോ? | (എഫ്) | സംസ്ഥാനത്ത് കോവിഡ്-19 വ്യാപന നിയന്ത്രണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സ്പ്രിംഗ്ളർ കമ്പനിയെ ഏർപ്പടുത്തിയതുമായി ബന്ധപ്പെട്ട് പൊതു സമൂഹത്തിൽ ഉയർന്ന് വന്നിട്ടുള്ള വിഷയങ്ങൾ പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ.എം.മാധവൻ നമ്പ്യാർ ചെയർമാനായ രണ്ടംഗ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിരുന്നു. കോവിഡ്-19 മഹാമാരിയുടെ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ചൂണ്ടിക്കാട്ടിയപോലെ അന്ന് നിലനിന്നിരുന്ന അസാധാരണ സ്ഥിതി വിശേഷം പരിഗണിച്ച് ഇത്തരത്തിൽ നടപടി ക്രമങ്ങളിൽ ഉണ്ടായിട്ടുള്ള പോരായ്മ ന്യായീകരിക്കാവുന്നതാണോയെന്നും വ്യക്തികളുടെ സ്വകാര്യത സംരക്ഷണം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്നും ഭാവിയിൽ ഇങ്ങനെയൊരു സ്ഥിതി വിശേഷം ഉടലെടുത്താൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ |

| | | | |
|---|---|---|---|
| | | | എന്തൊക്കെയാണെന്നുമുള്ള കാര്യങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിൽ അടങ്ങിയിരുന്നില്ല. ഇക്കാര്യങ്ങൾ കൂടി പരിഗണിച്ച് കൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജിയും മുൻ നിയമവകുപ്പ് സെക്രട്ടറിയും മുൻ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണറുമായ ശ്രീ.കെ.ശശിധരൻ നായർ ചെയർമാനായി ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ